**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1455</u> 14/06/2013-ൽ മറുപടിയ്ക്ക്

**<u>കാർഷികരംഗത്തെ വളർച്ചാനിരക്ക്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷികരംഗത്ത് നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ വിശദീകരിക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷികരംഗത്ത് നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>ഹൈടെക് കൃഷി രീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.<br><br>സാദ്ധ്യമായ എല്ലാ പഞ്ചായത്തുകളിലും ഗ്രീൻ ഹൗസുകളിലുള്ള കൃഷിയും പ്രിസിഷൻ ഫാമിംഗും നടപ്പിലാക്കുന്നുണ്ട്.<br><br>സുഗന്ധ വ്യഞ്ജന വിളകളായ കരുമുളക്, ഗ്രാമ്പു, ജാതിക്ക എന്നിവയുടെ വികസനത്തിന് പ്രത്യേക ഊന്നൽ നൽകി പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>കർഷകർക്കായുള്ള വെൽഫെയർ ബോർഡിന്റെ രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു. പയർ വർഗ്ഗങ്ങളുടെയും, കിഴങ്ങു വർഗ്ഗങ്ങളുടെയും പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>വിള മുതൽ വിപണി വരെ എന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ നിറവ് സംസ്ഥാനത്തെ 12 നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കി വരുന്നു.<br><br>2013-14 വർഷത്തിൽ അത് 30 മണ്ഡലങ്ങളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനായി വയനാട് പാക്കേജ് പദ്ധതി നടപ്പിലാക്കി വരുന്നു. |

അഗ്രോ സർവ്വീസ് സെന്റുകളുടെ സ്ഥാപനമാണ് മറ്റൊരു പ്രധാന പദ്ധതി. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം വെജിറ്റബിൾ ഇൻഷേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് ആർ.കെ.വി.വൈ യുടെ സഹായത്തോടുകൂടി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ശീതകാല പച്ചക്കറികളുടെ വ്യാപനം, സംരക്ഷിത കൃഷി എന്നിവയും നടപ്പിലാക്കി വരുന്നു.

ബി) പ്രസ്തുത രംഗത്തെ വളർച്ചാനിരക്ക് ആശ്വാസകരമാണോ; ഈ മേഖലയുടെ മുന്നേറ്റത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ബി) കാർഷിക രംഗത്തെ വളർച്ചാ നിരക്ക് ആശ്വാസകരമല്ല. കാർഷിക മേഖലയുടെ വളർച്ച 2007- 2012 പദ്ധതി കാലത്ത് 1.3% പിറകിലായി. കാർഷിക വരുമാനം 4.5% ഇടിഞ്ഞു.

കാർഷിക മേഖലയുടെ മുന്നേറ്റത്തിന് നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. നെല്ല്, നാളികേരം എന്നിവയുടെ ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനും മൂല്യ വർദ്ധനവിനും വേണ്ടി നെല്ല്, ബയോപാർക്കുകൾ, നാളികേര ബയോപാർക്കുകൾ എന്നിവ കൂടാതെ കൃഷിക്കാർക്കായുള്ള വരുമാന ഭദ്രതാ പദ്ധതി, കാർഷിക സൂപ്പർമാളുകൾ സ്ഥാപിക്കൽ, വിള ആരോഗ്യ പരിപാലന പദ്ധതികൾ, കാലാവസ്ഥാ ഇൻഷ്വറൻസ്, ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതി, കാർഷിക യന്ത്രവൽക്കരണ പദ്ധതി നടപ്പിലാക്കാൻ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കൽ കുട്ടനാട് ഹെറിറ്റേജ് പദ്ധതി എന്നിവയെല്ലാം 2013-14 വർഷത്തിൽ നടപ്പിലാക്കുന്നതാണ്.

Sreekumar

**സെക്ഷൻ ഓഫീസർ**